(ഡി) കർഷക തൊഴിലാളി പെൻഷൻ 31-10-2002 വരെയുള്ളത് നൽകുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 1-11-2002 മുതൽ 31-5-2004 വരെയുള്ള 19 മാസത്തെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 1,49,66,85,708 രൂപ വേണ്ടിവരും.

തൊഴിലില്ലായ്മ വേതനം 10/2001 മുതൽ 5/2004 വരെ 32 മാസത്തെ കുടിശ്ശികയുണ്ട്. ഇതു വിതരണം ചെയ്യുന്നതിനായി 1,48,75,00,800 രൂപ വേണ്ടിവരും.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

93 [547] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി (ഇനം തിരിച്ച്) 2000-01, 2001-02, 2003-04 വർഷങ്ങളിൽ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി ബോർഡിലേക്ക് എത്ര രൂപാ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട് എന്ന് പറയുമോ;

(സി) വിവിധ ആനുകൂല്യങ്ങൾക്കായി എത്ര അപേക്ഷകൾ ചീഫ് ഓഫീസിൽ തീർപ്പുകൽപ്പിക്കാനായി അവശേഷിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി 2000-01, 2001-02, 2002-03, 2003-04 വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. †

(ബി) ഗ്രാന്റ് ഒന്നും അനുവദിച്ചിട്ടില്ല.

(സി) 31-5-2004-ലെ നിലവച്ച് വിവിധ ആനുകൂല്യങ്ങൾക്കായി തീർപ്പുകൽപ്പിക്കാനായി അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

അതിവർഷാനുകൂല്യം	. .	95,615
മരണാനന്തര സഹായം	. .	696
വിവാഹ ധനസഹായം	. .	45,155
പ്രസവാനുകൂല്യം	. .	1,155
ചികിത്സാ സഹായം	. .	1,259
ആകെ	. .	1,43,880

† അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[1-7-2004-ലെ 93 (547)-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

		2000-01	2001-02	2002-03	2003-04
1.	അതിവർഷാനുകൂല്യം	4,79,45,048	2,36,82,697	2,87,20,970	2,58,45,794
2.	മരണാനന്തരാനുകൂല്യം	24,35,975	24,68,041	3,69,964	27,17,807
3.	വിവാഹാനുകൂല്യം	1,62,94,650	93,84,000	2,21,06,000	1,09,66,000
4.	പ്രസവാനുകൂല്യം	23,31,000	22,25,000	33,44,000	32,07,000
5.	ചികിത്സാനുകൂല്യം	9,10,710	10,83,906	18,59,031	19,34,324
6.	വിദ്യാഭ്യാസാനുകൂല്യം	10,38,498	9,60,589	18,20,602	10,07,890
	ആകെ	7,09,55,881	3,98,04,233	6,10,20,567	1,56,76,815

അനുബന്ധം V

[1-7-2004-ലെ 154 (608)-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

4 സങ്കര ഇനം പശുക്കൾ/എരുമകൾ അടങ്ങിയതാണ് ഒരു മിനി ഡയറി ഫാം യൂണിറ്റ്. വർഷം മുഴുവൻ പാൽ ലഭ്യമാക്കുന്നതിന് വേണ്ടി ആദ്യം രണ്ട് പശുക്കളും ആറുമുതൽ 8 മാസം കഴിഞ്ഞ് അടുത്ത രണ്ട് പശുക്കളേയും വാങ്ങുവാനാണ് വായ്പ അനുവദിക്കുന്നത്. പശുക്കളുടെ വില, അവയ്ക്കുള്ള ഇൻഷ്വറൻസ് പ്രീമിയം, കാലിത്തൊഴുത്ത് നിർമ്മിക്കുക, ആദ്യത്തെ രണ്ട് പശുക്കൾക്ക് ഒരു മാസത്തെ തീറ്റ ചിലവ്, വളക്കുഴി നിർമ്മിക്കുക, ഡയറി ഫാമിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, ഇടവിളയായി 50 സെന്റ് സ്ഥലത്ത് തീറ്റപ്പുല്ല് കൃഷി ചെയ്യുക, ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുക എന്നീ ആവശ്യങ്ങൾക്കായി ഒരു യൂണിറ്റിന് പരമാവധി 95,000 രൂപ വരെ വായ്പ ലഭിക്കും. ഇതിൽ ഗോബർ ഗ്യാസ് പ്ലാന്റിന് അനുവദിക്കുന്ന തുകയ്ക്കുള്ള തിരിച്ചടവ് കാലാവധി 7 വർഷവും മറ്റാവശ്യങ്ങൾക്ക് അനുവദിക്കുന്ന തുകയ്ക്കുള്ളത് 6 വർഷവുമാണ്. പരമാവധി ഒരാൾക്ക് 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. വായ്പ എടുക്കുന്ന കർഷകർക്ക് തങ്ങളുടെ നാട്ടിലെ ക്ഷീരസംഘത്തിൽ അംഗത്വം ഉണ്ടായിരിക്കണം. കൂടാതെ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീര സംഘം വാങ്ങിക്കൊള്ളാമെന്നുള്ള സമ്മതപത്രവും ഹാജരാക്കേണ്ടതാണ്. വാങ്ങാനുദ്ദേശിക്കുന്ന സങ്കര ഇനം പശുക്കളുടെ ഇനം, വയസ്, ഗുണമേന്മ, പ്രസവം, ആരോഗ്യം എന്നിവ സാക്ഷ്യപ്പെടുത്തുന്ന മൃഗഡോക്ടറുടെ സർട്ടിഫിക്കറും ഹാജരാക്കേണ്ടതാണ്. വായ്പ തുകയ്ക്ക് 25,000 രൂപ വരെ 8.5%-വും 25001 മുതൽ 50,000 രൂപ വരെ 9%-വും 50,001 മുതൽ 2 ലക്ഷം വരെ 10%-വും അതിനുമുകളിൽ 11%-വും ആണ് പലിശ നിരക്ക്.

LIBRARY ARCHIVES Kerala Legislative Assembly